# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 21, വെള്ളി

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**സമന്വയം പദ്ധതി**

*421 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവരുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള സമന്വയം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് തുല്യനീതി ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സമന്വയം പദ്ധതിയുടെ ഭാഗമായി ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്ക് ഓട്ടോമേറ്റഡ് സംവിധാനം**

*422 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാഹ്യ ഇടപെടലുകൾ ഇല്ലാതെ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കുന്നതിന് ഗതാഗതമേഖലയിൽ ഓട്ടോമേറ്റഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴി വാഹനങ്ങൾ പരിശോധിക്കുന്നതിനായി കട്ട് ഓഫ് തീയതി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവർ ടെസ്റ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

## <u>വിദേശപഠന റിക്രൂട്ടിംഗ് ഏജൻസികൾ</u>

*423 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദേശപഠന റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഏജൻസികൾ വ്യാജ വിവരങ്ങൾ നൽകി വിദ്യാർത്ഥികളെ കബളിപ്പിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ഏജൻസികളുടെ ആധികാരികത പരിശോധിച്ച് അവയെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## <u>കൃഷിയുമായി ബന്ധപ്പെട്ട യോഗങ്ങളുടെ ലൈവ് സ്ട്രീമിംഗ്</u>

*424 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസനവും കർഷകക്ഷേമവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമായി നടപ്പിലാക്കുന്നതിന് സഹായിക്കുന്നതരത്തിൽ ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ ലൈവ് സ്ട്രീമിംഗ് ചെയ്യുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) സർക്കാർ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം വളർത്തുന്നതിനും പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണെന്ന് വിശദമാക്കുമോ;

(സി) സംപ്രേഷണം ചെയ്യുന്ന യോഗങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ അറിയിക്കുന്നതിനും ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നതിനും സാധ്യമാണോ; ഇത് സർക്കാരിന്റെ നയരൂപീകരണ പ്രക്രിയകളെ മെച്ചപ്പെടുത്താൻ സഹായിക്കുമോ; വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി.ക്കായി പുതിയ ബസ്സുകൾ വാങ്ങാൻ നടപടി</u>**

*425 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് പുതിയ ബസ്സുകൾ ഇല്ലാത്തത് കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര, സംസ്ഥാനന്തര സർവ്വീസുകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ലേലം ചെയ്തു നൽകിയ പഴയ ബസ്സുകളുടെയും ഇതേ കാലയളവിൽ വാങ്ങിയ പുതിയ ബസ്സുകളുടെയും വിശദാംശം നൽകുമോ;

(സി) ദീർഘദൂര സർവ്വീസുകളുടെ ബ്രേക്ക് ഡൗൺ നിരക്ക് വർദ്ധിച്ചു വരുന്നത് ഒഴിവാക്കാൻ പുതിയ ബസ്സുകൾ വാങ്ങുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>കർഷക കടാശ്വാസ കമ്മീഷൻ ക്ലെയിമുകൾ തീർപ്പാക്കാൻ നടപടി</u>**

*426 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത നൂറ്റിയെൺപത് കോടിയോളം രൂപയുടെ ക്ലെയിമുകൾ ഇനിയും വിതരണം ചെയ്യാനുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കർഷക കടാശ്വാസ കമ്മീഷൻ ക്ലെയിമുകൾ നൽകുന്നതിന് അനുവദിച്ച തുക കുറവാണെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ക്ലെയിമുകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ഡിമെൻഷ്യാ ബോധവൽക്കരണം</u>**

*427 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ: